## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1433 | 06.03.2020-ൽ മറുപടിയ്ക്ക് |
|---|---|
| **ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ പൊതുശുചിമുറികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.റ്റി.വി.രാജേഷ്** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ മുഖേന 24000 പൊതുശുചിമുറികൾ നിർമ്മിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | പൊതുശുചിമുറികളുടെ അഭാവംമൂലം സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കേരളത്തിൽ അങ്ങോളമിങ്ങോളം ദേശീയ സംസ്ഥാന പാതയോരങ്ങളിൽ 12000 ജോഡി പൊതു ശുചിമുറികൾ നിർമ്മിക്കുന്ന പദ്ധതി സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 20.02.2020-ലെ സ.ഉ. (കൈ)നം.39/2020/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, സഹകരിക്കാൻ തയ്യാറുള്ള ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് പൊതു ശുചിമുറികൾ നിർമ്മിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമി വിനിയോഗം ചെയ്തുകൊണ്ട് പൊതു ശുചിമുറികൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന വൃത്തിയുള്ള ശുചിമുറികളും സാധ്യതയുള്ള സ്ഥലങ്ങളിൽ അത്യാവശ്യ സാധനങ്ങൾ വിൽക്കുന്ന ബങ്കുകളും ലഘുഭക്ഷണ ശാലകളും തുടങ്ങുവാനുമാണ് ലക്ഷ്യമിടുന്നത്. പൊതു ശുചിമുറികളുടെ നിർമ്മാണ ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. നിർമ്മാണങ്ങളുടെ മേൽനോട്ടവും സമയബന്ധിത പൂർത്തീകരണവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിരിക്കും. പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. ദേശീയ പാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർ ഭൂമി പൊതു ശുചിമുറികൾ സ്ഥാപിക്കുന്നതിനായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.<br>2. വില്ലേജ് ഓഫീസർ ഭൂമിയുടെ ഉടമസ്ഥത കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കേണ്ടതാണ്. ഇതിന് ആവശ്യമായ നടപടി അതത് ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയും വില്ലേജ് ഓഫീസറും സംയുക്തമായി ഭൂമി അടയാളപ്പെടുത്തുകയും ഇക്കാര്യം ജില്ലാതലത്തിലുള്ള പ്രസ്തുത വകുപ്പ് മേധാവിയെ അറിയിക്കുകയും ചെയ്യേണ്ടതാണ്.<br>4. തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയുടെ ഇക്കാര്യത്തിലുള്ള നിർദേശം ജില്ലാതല വകുപ്പ് മേധാവിക്ക് സ്വീകാര്യമല്ലെങ്കിൽ ആയത് ജില്ലാ കളക്ടറുടെ തീരുമാനത്തിന് വിടേണ്ടതാണ്.<br>5. ഇക്കാര്യത്തിൽ ജില്ലാ കളക്ടറുടെ തീരുമാനം അന്തിമമായിരിക്കും<br>മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ